(ഇ) 2384.13 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള ശേഷിയുണ്ട്.

(എഫ്) നിലവിലുള്ള വൈദ്യുതി ഉൽപാദന നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയും, കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിക്കുന്ന 464 മെ. വാ. വൈദ്യുതിയും കൂടി ചേർത്ത് വൈദ്യുതി സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ട്. കൂടാതെ പൂർവ്വ മേഖലയിൽ നിന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട 60 മെ. വാ. വൈദ്യുതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈകൊണ്ടിട്ടുണ്ട്. കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 16-ാം പവർ സർവ്വേ പ്രകാരം രണ്ടായിരാമാണ്ടിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത 2538 മെഗാവാട്ടായാണ് കണക്കാക്കിയിരിക്കുന്നത്.

യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ

27 (*57) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) യുവജനങ്ങളുടെ കായിക-കലാപരമായ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിന് സംഘടിപ്പിക്കുന്ന 'കേരളോൽസവം' കൂടുതൽ ആകർഷകമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാന തലത്തിൽ വിജയിക്കുന്നവർക്ക് സംസ്ഥാന സർവ്വീസിൽ ജോലി ലഭിക്കുന്നതിന് സംവരണം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ&ബി) ഉണ്ട്. പുതിയതായി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഇവയാണ് :

1. സ്റ്റേറ്റ് യൂത്ത് വോളന്റിയർ സ്കീം.
2. യൂത്ത് ഇൻഫർമേഷൻ ആന്റ് ഡോക്കുമെന്റേഷൻ സെന്റർ.
3. സ്പെഷ്യൽ എംപവർമെന്റ് പ്രോഗ്രാം.
4. ഹെൽത്ത് കെയർ ഓഫ് ദി പീപ്പിൾസ് ഗ്രൂപ്പ് ഇൻഷുറൻസ്.

(സി) സ്വീകരിച്ചിട്ടുണ്ട്. കേരളോൽസവം കൂടുതൽ ആകർഷകമാക്കുന്നതിനായി കഴിഞ്ഞ വർഷം മുതൽ ജില്ലാ-സംസ്ഥാനതല മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് പ്രൈസ് മണി ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly